(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തീരദേശ ആരോഗ്യ പദ്ധതി

6(*291) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി. വിശ്വൻ :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുള്ള തീരദേശ ആരോഗ്യ പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ നാളിതുവരെയുള്ള പ്രവർത്തനത്തിന്റെ ഫലമായി എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് തീരദേശ ആരോഗ്യ പദ്ധതി വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുണ്ടോ ; എങ്കിൽ ഏതൊക്കെ പ്രവർത്തനങ്ങളാണ് വിപുലീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് തീരദേശ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ, ചികിൽസാ ഉപകരണങ്ങൾ എന്നിവ ആവശ്യത്തിന് ലഭ്യമാക്കിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തുകഴിഞ്ഞോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം തീരദേശ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ജി) തീരദേശവാസികളായ രോഗികൾക്ക് അടിയന്തിരവൈദ്യസഹായം ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി) തീരദേശത്തെ 9 ജില്ലകളിലായി 171 ആശുപത്രികളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ആധുനിക ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ നല്കുകയും ചെയ്തു. ടെലിഫോൺ കണക്ഷൻ, വാട്ടർ കണക്ഷൻ, വൈദ്യുതീകരണം, കെട്ടിടം പുതുക്കി പണിയൽ, ചുറ്റുമതിൽകെട്ട്, വാഹനഷെഡ്, സാനിട്ടേഷൻ എന്നീ മരാമത്ത് പണികൾ 169 ആശുപത്രികളിലായി കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി മുഖേനയും രണ്ട് സ്ഥലങ്ങളിൽ നിർമ്മിതികേന്ദ്രം (കണ്ണൂർ, കാസർഗോഡ്) വഴിയായും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) തീരദേശ ആരോഗ്യ പദ്ധതി 1993-ൽ തുടങ്ങി, 1999-ൽ അവസാനിക്കുകയും പദ്ധതിലക്ഷ്യങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) തീരദേശത്തെ 9 ജില്ലകളിലായി 171 ആശുപത്രികളിലായി 9.29 കോടി രൂപ ചെലവഴിച്ച് വിവിധ ആരോഗ്യപ്രവർത്തനങ്ങൾ നടപ്പാക്കി. മരുന്നുകൾ, ആധുനിക ഉപകരണങ്ങൾ, ആംബുലൻസ് വാൻ, ബോട്ടുകൾ എന്നിവ വാങ്ങി വിതരണം ചെയ്തു. ബ്ലഡ് ബാങ്ക് കെട്ടിടങ്ങൾ, ആശുപത്രിക്കെട്ടിടങ്ങൾ എന്നിവയും പണികഴിപ്പിച്ചു നല്കി.

(ജി) പ്രസ്തുത പദ്ധതി 1-2-1993-ൽ തുടങ്ങി 31-3-1999-ൽ അവസാനിച്ചു. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ അപാകത കൂടാതെ നടത്തിയിട്ടുണ്ട്.

റീജിയണൽ ക്യാൻസർ സെന്റർ

7(*292) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം റീജിയണൽ ക്യാൻസർ സെന്റർ പ്രവർത്തിക്കുന്നുണ്ട് ;

(ബി) സംസ്ഥാനത്തുള്ള എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളോട് അനുബന്ധിച്ചും റീജിയണൽ ക്യാൻസർ സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) റീജിയണൽ ക്യാൻസർ സെന്ററിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അന്താരാഷ്ട്ര സ്ഥാപനങ്ങളിൽനിന്നും എന്തെല്ലാം സഹായം ലഭിക്കും ;

(ഡി) റീജിയണൽ ക്യാൻസർ സെന്ററുകളിൽ രക്താർബുദ രോഗികൾക്ക് ആവശ്യമായ രക്തഘടകങ്ങൾ വേർതിരിച്ചു നൽകുവാനുള്ള സംവിധാനമുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ രക്താർബുദ രോഗികൾക്ക് വേണ്ടി റീജിയണൽ ക്യാൻസർ സെന്ററിന്റെ ഒരു സബ് സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് തുടങ്ങുകയും അവിടെ രക്ത ഘടകങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) തിരുവനന്തപുരത്ത് മാത്രമാണ് റീജിയണൽ ക്യാൻസർ സെന്റർ പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly